ഇ- 1055216/എൻ സി -ബി 3/2018/ധന

ധനകാര്യ (എൻ സി - ബി) വകുപ്പ്
തിരുവനന്തപുരം,
28/09/2019

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ചീഫ് എഞ്ചിനീയർ,

തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) - പ്രവൃത്തികൾക്ക് GST compensation അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 21.08.2019 ലെ താങ്കളുടെ ഇ 7/11913/2019/സിഇ/തസ്വഭവ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഒരു വർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത വർഷത്തെ പ്രവൃത്തികൾ ശുപാർശ ചെയ്യുമ്പോൾ പരിഗണിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചത് 2017-18 സാമ്പത്തികവർഷം മുതൽക്കാണ്. ഓരോ സാമ്പത്തികവർഷവും ഓരോ നിയോജകമണ്ഡലത്തിലും അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് ഇതിനായി പരിഗണിക്കേണ്ടതുണ്ട് എന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്ന് ഇനിയും പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ആനുകൂല്യം എം.എൽ.എ മാർക്ക് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഓരോ സാമ്പത്തികവർഷവും അനുവദിച്ചിട്ടുള്ള 5 കോടി രൂപയ്ക്ക് തന്നെയാണ് എം.എൽ.എ മാർ പ്രവൃത്തികൾ ശുപാർശ ചെയ്യുന്നത്. പ്രസ്തുത സാഹചര്യത്തിൽ, നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്ക് GST compensation നൽകുന്നതിന് ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കാവുന്നതാണെന്നും ആയതിന് ടെണ്ടർ സേവിംഗ്സ് മതിയാകാതെ വരുന്ന പക്ഷം ബാക്കി വരുന്ന തുക own fund ൽ നിന്ന് കണ്ടെത്തേണ്ടതാണെന്നും അറിയിക്കുന്നു. ഇപ്രകാരം GST compensation അനുവദിക്കുന്നത് 1.07.2017 ന് മുൻപുള്ള VAT നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ വിളിച്ച്, എഗ്രിമെന്റ് വച്ചതും എന്നാൽ 1.07.2017 ന് ശേഷം നടപ്പിലാക്കിയ പ്രവൃത്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. കൂടാതെ 2017-18 സാമ്പത്തികവർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി

നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ്/GST compensation സംബന്ധിച്ച വിവരം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്.

വിശ്വസ്തതയോടെ,

**അനിൽ കുമാർ എം**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ